## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2447 18.06.2014-ൽ മറുപടിക്ക്

## വാട്ടർ ബോട്ടിലിംഗ് പ്ലാന്റിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ,കെ.ബാലൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.കെ.നാരായണൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. കേരള ജല അതോറിറ്റി അരുവിക്കരയിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന വാട്ടർ ബോട്ടിലിംഗ് പ്ലാന്റിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ; | എ. ഈ പദ്ധതിക്കായി നാല് തവണ ടെൻഡർ വിളിച്ചെങ്കിലും അവ റദ്ദാക്കേണ്ടിവരുകയും, 01.03.2014 ൽ 5 -ാം തവണ ടെണ്ടർ ചെയ്തിരുന്നു വെങ്കിലും സിംഗിൾ ടെണ്ടർ ആയിരുന്നതു കൊണ്ടും മതിയായ യോഗ്യത ഇല്ലാത്തതു കൊണ്ടും ടെണ്ടർ റദ്ദ് ചെയ്യുകയും വീണ്ടും ടെണ്ടർ ചെയ്തിരിക്കുകയുമാണ്. ഇതിന്റെ ദർഘാസ് തീയതി 08.07.2014 ആണ്. |
| ബി. കുപ്പിവെള്ള വില്പനക്കാരുടെ സാമ്പത്തിക ചൂഷണത്തിന് വലിയൊരളവുവരെ പരിഹാരം കാണാൻ കഴിയുന്ന പ്രസ്തുത പദ്ധതി വൈകിപ്പിക്കുന്നതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്താൻ തയ്യാറാകുമോ ; | ബി. കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണത്തിനായി 2008 ജൂലൈ മാസം ദർഘാസുകൾ ക്ഷണിച്ചെങ്കിലും ഒരാൾ മാത്രം പങ്കെടുക്കുകയും ക്വാട്ട് ചെയ്ത തുക കൂടതലും ആയതിനാൽ ടെണ്ടർ റദ്ദ് ചെയ്തു. രണ്ടാമത്തെ ടെണ്ടർ അവാർഡ് ചെയ്തെങ്കിലും കരാറുകാരൻ, കരാർ പ്രകാരം പണി പുരോഗമിക്കാത്തതിനാൽ ആവശ്യമായ നോട്ടീസ് നൽകിയതിനു ശേഷം ക്യാൻസൽ ചെയ്തു. മൂന്നും നാലും ടെണ്ടർ defective ആയതിനാൽ ക്യാൻസൽ ചെയ്തു. 27.12.2012 ൽ കൂടിയ 356 -ാമത് അതോറിറ്റി മീറ്റിംഗിൽ ഏറ്റവും അവസാനം വിളിച്ച ടെണ്ടർ ക്വാട്ട് ചെയ്ത തുക വളരെ കൂടുതലായതിനാൽ ക്യാൻസൽ ചെയ്യുവാനും നിലവിലുള്ള |

ടെക്നിക്കൽ അഡ്വാൻ സ് മെന്റ് കൂടി കണക്കിലെടുത്ത് എസ്റ്റിമേറ്റ് പുതുക്കുന്നതിനും തീരുമാനിച്ചു. പ്രസ്തുത ആവശ്യം 14.05.2013 ൽ കൂടിയ 361-ാമത് അതോറിറ്റി മീറ്റിംഗിൽ വയ്ക്കുകയും പ്രസ്തുത ജോലി കിറ്റ് കോയെ ഏൽപ്പിക്കുവാൻ അതോറിറ്റി തീരുമാനിക്കുകയും ചെയ്തു. ഇതനുസരിച്ച് കിറ്റ് കോ 12.85 കോടി രൂപയ്ക്ക് പ്രോജക്ട് പദ്ധതി തയ്യാറാക്കുകയും ചെയ്തു. വീണ്ടും 01.03.2014 ൽ ടെണ്ടർ ചെയ്തിരുന്നു. സിംഗിൾ ടെണ്ടർ ആയതിനാലും, മതിയായ യോഗ്യത ഇല്ലാത്തതിനാലും, ടെണ്ടർ റദ്ദ് ചെയ്തു. ഇപ്പോൾ വീണ്ടും ടെണ്ടർ ചെയ്തിരിക്കുകയാണ്. ഇതിന്റെ ദർഘാസ് തീയതി 08.07.2014 ആണ്. മേൽപ്പറഞ്ഞ കാരണങ്ങളാണ് പ്രസ്തുത പദ്ധതി വൈകാനുള്ള പ്രധാന കാരണം. .

| | |
|---|---|
| സി. എല്ലാ ജില്ലകളിലും ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിച്ച് ന്യായവിലയ്ക്ക് കുപ്പിയിലും ജാറിലും വെള്ളം വില്ക്കാനുള്ള പദ്ധതി നടപ്പിലാക്കുമോ ? | സി. പൈപ്പിലൂടെ ശുദ്ധജലവിതരണം നടത്താനുള്ള പദ്ധതികൾക്കാണ് കേരള വാട്ടർ അതോറിറ്റി മുൻ തൂക്കം നൽകുന്നത്. പൈലറ്റ് പദ്ധതിയായി അരുവിക്കരയിൽ നട പ്പിലാക്കുന്ന ബോട്ടിലിംഗ് പ്ലാന്റിന്റെ പുരോഗതിക്കനു സരിച്ച് മറ്റ് ജില്ലകളിലും ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്ന തിനെക്കുറിച്ച് ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ